കേരള സർക്കാർ

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

e-mail:doekm.ksad@kerala.gov.in

www.ksad.kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം.(പി.3)1695/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
email : lfadekm@gmail.com
തീയതി 05.11.2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഞാറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഞാറക്കൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറക്കൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയുംഭാഗം 3 ലെ യും ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം.(പി.3)1695/19 തിയ്യതി: 05.11.2019

# എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2018 മുതൽ 31-03-2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | വിനോദ്.കെ.കെ.<br>ഡെപ്യൂട്ടിഡയറക്ടർ |

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 16-09-19മുതൽ 03-10-2019വരെ | സുരേഷ് .എസ്., ഓഡിറ്റ് ഓഫീസർ<br>ഗോപകുമാർ എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>വിജു. എം.എസ് ., സീനി. ഗ്രേഡ് ഓഡിറ്റർ |

**ബി) നിർവ്വഹണാധികാരികൾ**

**(1)പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി ഷിൽഡ റിബേരോ | 1-4-2018 മുതൽ 31-3-2019വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1<br>2 | ശ്രീമതി. റീജ സി.ജെ.<br>ശ്രീമതി.ശ്രീലത. ജി.<br>ജൂനിയർ സൂപ്രണ്ട് ( സെക്രട്ടറി -ഇൻ- ചാർജ്ജ് ) | 01-04-18 മുതൽ 27-03-19വരെ<br>28-03-19മുതൽ 31-03-19വരെ |

**3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ശ്രീദേവി.എ.ആർ | 01-04.2018 മുതൽ 03.02.2019 വരെ |
| | | ശ്രീ.പ്രതാപൻ | 04-02-2019 മുതൽ13.03.2019വരെ |
| | | | |

| | | | |
|---|---|---|---|
| | | രഞ്ജു. എസ് | 14-03-2019 മുതൽ31.03.2019വരെ |
| 2 | ഹെഡ് മിസ്ട്രസ് ,<br>ഗവ.ഫിഷറീസ് യു.പി.എസ് | ശ്രീമതി ആശാലത | 01.04.2018 മുതൽ 31.03.2019വരെ |
| 3 | വെറ്ററിനറി സർജ്ജൻ | ഡോ. പി.എ.സെയിറ | 01.04.2018 മുതൽ 31.03.2019വരെ |
| 4 | കൃഷി ഓഫീസർ | ജിജി ജോസഫ് | 01.04.2018 മുതൽ 31.03.2019വരെ |
| 5 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.റോസി കെ.എൽ. | 01.04.2018 മുതൽ 25.05.18വരെ |
| | | വിനീത . | 26.05.18 മുതൽ 8.08.18 വരെ |
| | | സീന ഉത്തമൻ | 9.08..2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി | ഡോ .വിമല | 01.04.2018 മുതൽ 20.03.2019വരെ |
| | | ഡോ.ശ്രീകുമാരി. ബി.എസ് | 21.03.2019 മുതൽ 31.03.2019വരെ |
| 7 | മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ:മേഴ്സി ഗോൺസാൽവസ് | 01.04.2018 മുതൽ 31.03.2018വരെ |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ.സ്മിത. ആർ | 01.04.2018 മുതൽ 31.03.2019വരെ |
| 9 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി രമ്യ കെ.ഡി. | 01.04.2018 മുതൽ 31.03.2019വരെ |
| 10 | വി.ഇ.ഒ.(ഈസ്റ്റ് ) | ശ്രീമതി ലിജി കെ.വി. | 01.04.2018 മുതൽ 2-12-2018വരെ |
| | | ഷിൻസി. | 03.12.2018 മുതൽ 31.03.2019വരെ |
| 11 | വി.ഇ.ഒ.(വെസ്റ്റ് ) | ശ്രീ. സുനിൽ ഇ.ജി. | 01.04.2018 മുതൽ 26.11.2018വരെ |
| | | ശ്രീമതി. അമ്മണിക്കുട്ടി. കെ.വി | 27.11.2018 മുതൽ 31.03-19 വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രതീഷ് ബാബു | 01.04.2018 മുതൽ 31.03.2019വരെ |
| 13 | അസി.സെക്രട്ടറി | ശ്രീദേവി.എൻ.കെ | 01.04.2018 മുതൽ 5-12-2018വരെ |
| | | ശ്രീമതി.ശ്രീലത. ജി | 06-12-2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം -1<br>**ഓഡിറ്റ് റിപ്പോർട്ട്** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇൻപാക്ട്. | 1-13 |
| 14 | തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റിയില്ല. | 1-14 |
| 15 | ചട്ടവിരുദ്ധമായി നോട്ടീസ് നല്കി പാഴ്ച്ചെലവ് സൃഷ്ടിക്കുന്നു. | 1-15 |
| 16 | പൂർത്തീകരണ കാലാവധി ദീർഘീകരണം -ഫൈൻ ഈടാക്കിയില്ല. | 1-16 |
| 17 | അംഗൻവാടികളിലേക്ക് മോട്ടോർ വാങ്ങൽ - വാങ്ങിയ മോട്ടോറുകൾ സ്ഥാപിച്ചിട്ടില്ല | 1-17 |
| 18 | കുടുംബശ്രീ പരിശീലനകേന്ദ്രം-പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിലേക്ക് നൽകിയത് തിരികെ വാങ്ങണം | 1-18 |
| 19 | നിക്ഷേപ പ്രവൃത്തികളിൽ മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-19 |
| 20 | ആശ്രയ പദ്ധതി- ചലഞ്ച് ഫണ്ട് ഉണ്ടായിരിക്കെ വികസനഫണ്ട് പ്രൊജക്ട് ഉൾപ്പെടുത്തിയത് | 1-20 |

| | | |
|---|---|---|
| | ക്രമവിരുദ്ധം നിക്ഷേപ പ്രവൃത്തികളിൽ മോണിറ്ററിംഗ് കാര്യക്ഷമമല്ല | |
| 21 | ലൈഫ് ഭവന പദ്ധതി- ആദ്യഗഡു വാങ്ങിയ ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കണം | 1-21 |
| 22 | ദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് ഒഴിവാക്കണം | 1-22 |
| 23 | മരുന്ന് പൂർണമായും ലഭ്യമായില്ല | 1-23 |
| 24 | വാടകയ്ക്ക് ജി.എസ്.ടി ഈടാക്കിയില്ല | 1-24 |
| | ഭാഗം -2<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം -3<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 25 | എസ്.സി വനിത വ്യവസായ കേന്ദ്രം-കരാറിന് വിരുദ്ധമായി വൈദ്യുതിച്ചാർജ്ജ് നല്കി | 3-1 |
| 26 | ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അറ്റകുറ്റപ്പണി - അധികം നൽകിയത് 2102/- | 3-2 |
| | ഭാഗം -4<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധങ്ങൾ** | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 38 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 39 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 40 | ഓഡിറ്റുചെയ്ത റസീപ്റ്റ് $ പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22-03-18 തീയതിയിലെ 2/2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 15.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി.ജി.)1227(42)/2019 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10681601 |
| വരവ് | 76946725 |
| ആകെ | 87628326 |
| ചെലവ് | 59619825 |
| നീക്കിയിരിപ്പ് | 28008501 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | ഒ ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | | | 15255485 | 15255485 | 14114752 | | 1140733 |
| വികസനഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | | 8943000 | 8943000 | 3011073 | | 5931927 |
| വികസനഫണ്ട് ടി.എസ്.പി (ACR പ്രകാരം) | | | 98000 | 98000 | 20479 | | 77521 |
| മെയിൻറനൻസ് റോഡ് (ACR പ്രകാരം) | | | 4934000 | 4934000 | 3181177 | | 1752823 |
| മെയിൻറനൻസ് നോൺ റോഡ് (ACR പ്രകാരം) | | | 3144000 | 3144000 | 2617977 | | 526023 |
| സി.എഫ്.സി | | | 8995593 | 8995593 | 4504586 | | 4491007 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 15971274 | 15971274 | 15971274 | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21929 | 428167 | 450096 | 449245 | 851 | |
| BSUP | | 2268001 | 87511 | 2355512 | 0 | 2355512 | |
| SBI TC | | 8679 | 160308 | 168987 | 160000 | 8987 | |
| SSA | | 0 | 913462 | 913462 | 913462 | 0 | |
| 1CDS | | 1048228 | 462625 | 1510853 | 128589 | 1382264 | |
| HUDCO | | 116159 | 4120 | 120279 | 0 | 120279 | |
| SBI E PAY | | 594981 | 3928820 | 4523801 | 2571390 | 1952411 | |
| തനത് ഫണ്ട് ബാങ്ക് | | 5939778 | 8530784 | 14470562 | 10913097 | 3557465 | |
| ട്രഷറി | | 453398 | 5394978 | 5848376 | 238669 | 5609707 | |
| KGB-life | | 0 | 2599879 | 2599879 | 2290000 | 309879 | |
| AMRITHUM | | 0 | 1424821 | 14248211 | 1344733 | 80088 | |

| | | | | | | |
|---|---|---|---|---|---|---|
| B-FUND | 0 | 40985600 | 40985600 | 40985600 | 0 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 166 | 87338396 | 59 | 37264611 | 46 | 61 | 35.50 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21929 | 428167 | 459006 | 449245 | 851 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 15971274 | 15971274 | 15971274 | |
| ആകെ | | | | | |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 129600 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 2043800 | 151 |
| വിധവാപെൻഷൻ | 11560600 | 952 |
| വാർദ്ധക്യകാലപെൻഷൻ | 22635500 | 1920 |
| വികലാംഗപെൻഷൻ | 3189000 | 246 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1161600 | 95 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-09-2019 ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,701/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചു പോരുന്നു.

2. ചരക്കുകളുടേയും സേവനങ്ങളുടേയുംവാർഷിക വാങ്ങലുകൾക്ക് വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4 വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

8. ദിവസ വേതന അടിസ്ഥാനത്തിൽ വർഷങ്ങളായി PTS തസ്തികയിൽ നിയമനം നടത്തുന്നത് ക്രമപ്രകാരമല്ല.

9. റദ്ദ് ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

10. രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

11. ക്യാൻസൽ ചെയ്ത രസീതുകളിൽ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുന്നില്ല.

12. കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിക്കുന്ന തുക രസീത് നമ്പർ ക്രമത്തിൽ എഴുതി ചേർക്കുന്നതിനു പകരം വിവിധ പദ്ധതികൾക്ക് ലഭിച്ച ആകെ തുക മാത്രം രജിസ്റ്ററിൽ ചേർത്തിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-08-19 | 7/2019 | 13-09-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.-02-16 | 2010-11 മുതൽ 2014-15 വരെ | 11-03-16 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ ഇനം തിരിച്ചുള്ള കണക്കിന്റെ കൃത്യത ബോധ്യപ്പെടുത്താനായില്ല.

## 1-13 ഓഡിറ്റ് ഇൻപാക്ട്.

1) 05.01.18 ൽ അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ.വ. പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ L.S.G.D/IB1/344/16/L.S.G.D നമ്പർ സ്പഷ്ടീകരണം പ്രകാരം, ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് പതിനഞ്ച് ദിവസത്തിന് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിക്ക് വിധേയമായി ആർജിതാവധിയ്ക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജിക്കുന്ന അവധിയിൽ നിന്നും വിനിയോഗിച്ച അവധി കുറച്ചതിനുശേഷം ബാക്കി ഒരു ധനകാര്യ വർഷം 30 ൽ കവിയാതെ ആർജിതാവധി സറണ്ടർ ചെയ്യാവുന്നതാണ്. പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.ഗെയിൽ റോബർട്ടിന് 2018-19 വർഷം 20 ദിവസത്തെ ആർജിത അവധി പണമാക്കി താഴെപ്പറയും വിധം നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 28.09.2019 ലെ 119010102816 ാം നമ്പർ സാംഖ്യ രസീത് പ്രകാരം അധികമായി നല്കിയ 5 ദിവസത്തെ ആർജിത അവധി തുകയായ 3570 രൂപ അടവാക്കി.

2) 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി ഷാലിമാർ പ്രിന്റേഴ്സ്,ഞാറക്കൽ എന്ന സ്ഥാപനത്തിൽ നിന്നും അച്ചടി പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വരുമാന നികുതി നിയമത്തിലെ 194 (സി) വകുപ്പ് പ്രകാരം നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന 2% നികുതിയായ 2318 /- രൂപ ഈടാക്കിയതായി പരിശോധനയിൽ വ്യക്തമായിരുന്നില്ല.

മേൽ തുക വരുമാന നികുതിയായി ഈടാക്കിയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 01.10.2019 ലെ 11901010300６ സാംഖ്യ രസീത് പ്രകാരം തുക അടവാക്കി.

# 1-14 തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റിയില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്,ഇ,ബി നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റുന്നതിന് ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി ക്ക് പഞ്ചായത്തിൽ നിന്ന് 185502/- രൂപ നല്കിയിട്ടുണ്ടെങ്കിലും മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ലയെന്നമാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയത്. അടിയന്തിരമായി മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി-2/44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള നടപടികളിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രമേ പഞ്ചായത്തിൽ സൂക്ഷിക്കുന്നുള്ളുവെന്നമാണ് മറുപടി ലഭ്യമാക്കിയത്. ഉത്തരവ് പ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷം തെരുവ് വിളക്കിന്റെ വൈദ്യുതിച്ചാർജിനത്തിൽ പഞ്ചായത്തിൽ നിന്നും 2381918 /-രൂപ നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ വരുന്ന 1293തെരുവ് വിളക്കുകളിൽ കേവലം 283 എണ്ണം മാത്രമേ എൽ .ഇ.ഡി ലൈറ്റുള്ളൂ. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം (കൈ ) 22/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ 7.9.2 ൽ ഗ്രാമ പഞ്ചായത്തുകൾ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. തനത് സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട് 105/19 എന്ന പ്രോജക്ട് പ്രകാരം 327912 രൂപ ചെലവഴിച്ച് എൽ .ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കേവലം 283 എൽ.ഇ.ഡി ലൈറ്റുകൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. സർക്കാർ നിർദ്ദേശപ്രകാരം വരും സാമ്പത്തിക വർഷങ്ങളിൽ കൂടുതൽ എൽ .ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതും ഭീമമായ വൈദ്യുതിബിൽ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 ചട്ടവിരുദ്ധമായി നോട്ടീസ് നല്കി പാഴ്ച്ചെലവ് സൃഷ്ടിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ 14(1) എ.ബി.സി.ഡി, (2 )(3) യിലെ 14(1)എ പ്രകാരം ' കെട്ടിടം സംബന്ധിച്ച് 5 വർഷത്തിനുള്ളിൽ ഓരോ വർഷവും ഒടുക്കേണ്ട വാർഷിക വസ്തു നികുതിയും അതിന്റെ അർദ്ധ വാർഷിക ഗഡുക്കളും നോട്ടീസ് മുഖാന്തരം നികുതിദായകനെ അറിയിക്കേണ്ടതാണ്. ആയതനുസരിച്ച് നികുതി പരിഷ്കരണം നടക്കുന്ന 5 വർഷത്തിലൊരിക്കൽ മാത്രം ഡിമാന്റ് നോട്ടീസ് നികുതിദായകന് നല്കിയാൽ മതിയെന്നാണ്. എന്നാൽ 100% വസ്തുനികുതി സമാഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിട ഉടമകൾക്കും വസ്തുനികുതി ഡിമാന്റ് നോട്ടീസ് കുടുംബശ്രീ പ്രവർത്തകർ വഴി നല്കുവാനും, ആയതിന് ഒരു കെട്ടിടത്തിന് 5രൂപ നിരക്കിൽ പ്രതിഫലമായി കുടുംബശ്രീ പ്രവർത്തകർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 08.02.2018ൽ ചെക്ക് നം 146886 പ്രകാരം 9285 രൂപയും 20.02.2019ചെക്ക് നം 146896

പ്രകാരം 4305 രൂപയും 25.04.2018ൽ ചെക്ക് നം 137585 പ്രകാരം 9470 രൂപയും 23.05.2018ൽ ചെക്ക് നം 145612 പ്രകാരം 650 രൂപയും ഉൾപ്പെടെ ആകെ 23710 രൂപ തനത് ഫണ്ടിൽ ചെലവഴിച്ചിട്ടുണ്ട്. വസ്തു നികുതിയോടൊപ്പം ഓരോ കെട്ടിട ഉടമയിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി രസീതുകൾ പരിശോധിച്ചതിൽ ബഹുഭൂരിപക്ഷം കെട്ടിട ഉടമകളിൽ നിന്നും ഈ തുക ഈടാക്കിയതായി കാണുന്നില്ല. ആകെ 2018-19 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സ് പ്രകാരം 570 രൂപ മാത്രമേ വരവായിട്ട് കാണിച്ചിട്ടുള്ളൂ. മേൽ പ്രാകരം തുക ചെലവഴിച്ചതിന് വിശദീകരണം അവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചട്ടവിരുദ്ധമായി ഇനിയും തുക ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അഥവാ ഓരോ വർഷവും നികുതിദായകന് ഡിമാന്റ് നോട്ടീസ് നല്കുകയാണെങ്കിൽ ആയതിന്റെ ചെലവു തുക നികുതിദായകനിൽ നിന്നും ഈടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-16 പൂർത്തീകരണ കാലാവധി ദീർഘീകരണം -ഫൈൻ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.എന്നാൽ പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഇങ്ങനെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആദ്യ തവണ (ഒറിജിനൽ സമയത്തിന്റെ 25%) കാലാവധി ദീർഘിപ്പിക്കുന്നതിന് PACയുടെ 1% വും ആദ്യ തവണയ്ക്കു ശേഷം PACയുടെ 2% വും പിഴയായി ഈടാക്കണം. പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസി.എഞ്ചിനിയർ മുഖേനേ അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതും ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാകുന്നതിനാൽ തുക നൽകാവുന്നതുമല്ല.

എന്നാൽ ഇവിടെ അപേക്ഷ സമർപ്പിക്കാതെ തന്നെ കരാറുകാർക്ക് സമയം ദീർഘിപ്പിച്ചു നൽകുന്നതായാണ് കാണുന്നത്. ഇത് ശരിയായ നടപടിയല്ല. കരാർ വ്യവസ്ഥ 7 അനുസരിച്ച് കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള പൂർത്തീകരണമാവാത്താതിന് ഒറിജിനൽ സമയത്തിന്റെ 20%സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടുംപിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും 2%പിഴ ചുമത്തി ക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ. ഇതനുസരിച്ച് ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി / കരാറുകാരൻ | സൈറ്റ് കൈമാറ്റം ചെയ്ത തീയതി | പൂർത്തീകരിക്കേണ്ട തീയതി | ഗ്രേസ് പിരീഡ് | പൂർത്തീകരിച്ച തീയതി | വരുത്തിയ കാലതാമസം | കരാർ തുക | ഈടാക്കേണ്ടുന്ന ഫൈൻ | ചെലവു വിവരം |
|---|---|---|---|---|---|---|---|---|
| ബോട്ട് ജെട്ടി റോഡ് റീടാറിംഗ് ജയലാൽ | 14.02.18 | 13-5-18 (3 മാസം) | 31-05-18. | 12-3-19 | 9മാസം 12ദിവസം | 339829 | 17896 | 29/27.03.19 രൂ.311068/- |
| എം.കെ റോഡ് പൂർത്തീകരണം സിൻസൺജോസഫ് | 16-3-18 | 15-6-18 (3 മാസം) | 24-06-18 | 09-11-18 | 4മാസം 15ദിവസം | 458939 | 9179 | 17/16-12-18 രൂ.458939/- |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-17 അംഗൻവാടികളിലേക്ക് മോട്ടോർ വാങ്ങൽ - വാങ്ങിയ മോട്ടോറുകൾ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.056/19 |
| പ്രൊക്ടിന്റെ പേര് | അംഗൻവാടികളിലേക്ക് മോട്ടോർ വാങ്ങൽ |
| അടങ്കൽ | 49,500/- (വികസനഫണ്ട് പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ചെലവഴിച്ച തുക | 24,000/- (ട്രഷറി ബിൽ നം. 24/18-19) |

ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ "വിവിധ അംഗൻവാടികളിലേക്ക് മോട്ടോർ വാങ്ങൽ" എന്ന പ്രൊജക്ടിന് വേണ്ടി മോട്ടോർ വാങ്ങി സ്ഥാപിച്ച് നല്കുന്നതിനായി ശ്രീ.കെ.ജെ.ജോയ് എന്നയാൾ നല്കിയ ക്വട്ടേഷൻ 28.02.2019ലെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നല്കിയിട്ടുള്ളതാണ്. അതുപ്രകാരം 12 അംഗൻവാടികളിലേക്ക് മോട്ടോർ വാങ്ങിയതിന് 24,000/- രൂപയുടെ ബിൽ അംഗീകരിച്ച് കരാറുകാരന് തുക നല്കിയിട്ടുള്ളതുമാണ്. എന്നാൽ ഈ മോട്ടോറുകൾ ഏതൊക്കെ അംഗൻവാടികളിലേക്കാണ് വാങ്ങിയതെന്നോ, അവ അംഗൻവാടികളിൽ സ്ഥാപിച്ചതായോ കാണുന്നില്ല. കൂടാതെ ഈ 24,000/- രൂപയുടെ ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ വന്നിട്ടുമില്ല. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ് എന്ന് കാണിച്ച് എൻക്വയറി -നം. 6 നല്കിയിരുന്നു.

1. പഞ്ചായത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 12 അംഗൻവാടികളിലേക്കാണ് മോട്ടോർ വാങ്ങി സ്ഥാപിക്കാൻ ടെൻഡർ ക്ഷണിച്ച് കരാർ നല്കിയത്. എന്നാൽ 2019 മാർച്ചിൽ തന്നെ മോട്ടോറുകൾ വാങ്ങിയെങ്കിലും നാളിതുവരെ ഒരു അംഗൻവാടിയിലും മോട്ടോർ സ്ഥാപിച്ചിട്ടില്ല.

2. മോട്ടോർ വാങ്ങി സ്ഥാപിക്കാനാണ് കരാർ കൊടുത്തതെങ്കിലും അതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതുമൂലമാണ് മോട്ടോർ സ്ഥാപിക്കാനാവാത്തത് എന്നാണ് എൻക്വയറി മറുപടിയിൽ പറയുന്നത്. വാട്ടർ ടാങ്കുൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ മാത്രമേ മോട്ടോർ സ്ഥാപിക്കാനാവൂ എന്നതാണ് നിലവിലെ അവസ്ഥ.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുതിനായുള്ള 08.11.2010ലെ ജി.ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള വിവിധ ഘട്ടങ്ങളിൽ താഴെപ്പറയുന്നവ പാലിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

1) സാമഗ്രികളുടെ ആവശ്യം തിരിച്ചറിയൽ

2) സമാഹരണ നടപടിക്രമം തീരുമാനിക്കൽ

3) സാധനങ്ങൾ സ്വീകരിച്ച് സാക്ഷ്യപ്പെടുത്തൽ

4) വിലയിരുത്തലും, കരാർ അവസാനിപ്പിക്കലും

പഞ്ചായത്തിലെ അംഗൻവാടികളിലേക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കുക എന്ന പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാതെയാണ് സമാഹരണനടപടി ക്രമം തീരുമാനിച്ച് വാങ്ങൽ നടത്തിയത്. സാധനങ്ങൾ സ്വീകരിച്ച് സാക്ഷ്യപ്പെടുത്തിയ ഘട്ടത്തിൽ കരാർ പ്രകാരമുള്ള എല്ലാ പ്രവൃത്തികളും ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്താതെ വാങ്ങലിന്റെ തുക കരാറുകാരന് നല്കി. സാധനങ്ങൾ സ്വീകരിച്ച് 6 മാസം പിന്നിട്ടിട്ടും മോട്ടോറുകൾ സ്ഥാപിക്കാൻ സാധിക്കാത്തതിനാൽ കരാർ അവസാനിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. അതിലുപരി, മോട്ടോറുകൾ സ്ഥാപിച്ച് അംഗൻവാടികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യം സാധിച്ചിട്ടുമില്ല.

മേൽസാഹചര്യത്തിൽ അംഗൻവാടികളിൽ മോട്ടോർ സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ പൂർത്തീകരണം ഉറപ്പാക്കി അംഗൻവാടികളിലെ കുടിവെള്ളലഭ്യത ഉറപ്പു വരുത്തുവാൻ പഞ്ചായത്ത് ഭരണസമിതിയും, നിർവ്വഹണോദ്യോഗസ്ഥയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-18 കുടുംബശ്രീ പരിശീലനകേന്ദ്രം-പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിലേക്ക് നൽകിയത് തിരികെ വാങ്ങണം

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.187/19 |
| പ്രൊക്ടിന്റെ പേര് | കുടുംബശ്രീ പരിശീലനകേന്ദ്രം-പഞ്ചായത്ത് വിഹിതം നല്കൽ |
| | |

| | |
|---|---|
| അടങ്കൽ | 2,00,000/- (വികസനഫണ്ട് പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 2,00,000/- (ട്രഷറി ബിൽ നം. 69/18-19 തീ.26.03.19) |

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലുള്ള 35 സെന്റ് സ്ഥലത്ത് കുടുംബശ്രീ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചതായി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഞാറക്കൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 2,00,000/- രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് നല്കിയിരുന്നു. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 5 മുഖേന ആവശ്യപ്പെട്ടതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് ജില്ലാ പഞ്ചായത്തിലേക്ക് ബന്ധപ്പെട്ടപ്പോൾ, സ്ഥലലഭ്യത പ്രശ്നം മൂലം ഈ പദ്ധതി 2019 സാമ്പത്തികവർഷത്തിൽ തന്നെ ജില്ലാ പഞ്ചായത്ത് ഉപേക്ഷിച്ചതാണെന്ന് അറിയിച്ചു.

മേൽ സാഹചര്യത്തിൽ നിലവിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുന്ന 2,00,000 /-രൂപ തിരികെ വാങ്ങുന്നതിനും, ഈ തുക 2019-20 വർഷത്തെ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കുന്നതിന് സാധ്യതകൾ ആരായേണ്ടതുമാണ്. 2018-19 സാമ്പത്തികവർഷത്തെ വികസനഫണ്ട് ചെലവ് കണക്കുകളിൽ നിലവിൽ ഈ തുക ഉൾപ്പെടെയാണ് ചെലവ് കാണിച്ചിട്ടുള്ളതെങ്കിൽ ആയതിലും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ 29.01.2018-ലെ സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 3.5.4-ൽ സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട് എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മേൽ ഘടക തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് ഗ്രാമപഞ്ചായത്ത് തുക കൈമാറുന്നതിന് മുമ്പ് നിർവ്വഹണ തദ്ദേശസ്വയംഭരണസ്ഥാപനവുമായി ആശയവിനിമയം നടത്തുന്നതിൽ വരുത്തിയ അലംഭാവമാണ് ജില്ലാപഞ്ചായത്ത് ഉപേക്ഷിച്ച ഒരു പദ്ധതിയിലേക്ക് തുക കൈമാറുന്നതിലേക്ക് എത്തിച്ചതെന്ന് നിരീക്ഷിക്കുന്നു. ആയതിനാൽ സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ, 29.01.2018-ലെ സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 നിക്ഷേപ പ്രവൃത്തികളിൽ മോണിറ്ററിംഗ് കാര്യക്ഷമമല്ല

**A** .

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.007/19 |
| പ്രൊജക്ടിന്റെ പേര് | എസ്.സി. സങ്കേതങ്ങളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 1,60,000/- (പ്രത്യേക ഘടക പദ്ധതി വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 1,36,264/- (ട്രഷറി ബിൽ നം. 63/18-19 തീ.20.03.19) |

"എസ്.സി. സങ്കേതങ്ങളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ" എന്ന പ്രൊജക്ട് ഞാറക്കൽ പഞ്ചായത്തിലെ എസ്.സി.സങ്കേതങ്ങളിൽ വൈദ്യുത ലൈൻ വലിച്ച് വൈദ്യുതീകരണം പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പാക്കിയത്. ഇതിനായി കെ.എസ്.ഇ.ബി.-യുടെ ഞാറക്കൽ സെക്ഷൻ 07.03.2019-ൽ നല്കിയ എസ്റ്റിമേറ്റ് പ്രകാരം 1,36,264/- രൂപ ഞാറക്കൽ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചു. ഈ പ്രൊജക്ടിനെ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. എസ്.സി.പി ഫണ്ട് എസ്.സി. സങ്കേതങ്ങളിൽ വിനിയോഗിക്കുമ്പോൾ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി നല്കേണ്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2. കെ.എസ്.ഇ.ബി. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് വൈദ്യുതലൈൻ നീട്ടൽ നടത്തുന്നതെന്ന് കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടില്ല.

3. തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപ്പത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച പ്രദേശങ്ങളിൽ തന്നെ, പ്രത്യേകിച്ച് എസ്.സി. സങ്കേതങ്ങളിൽ തന്നെ എസ്.സി.പി.ഫണ്ട് വിനിയോഗിക്കപ്പെടുന്നുണ്ട് ഉറപ്പാക്കേണ്ടതാണ്.

B.

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.050/19 |
| പ്രൊജക്ടിന്റെ പേര് | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ, വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 4,62,000/- (പൊതുവിഭാഗം വികസന ഫണ്ട് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 4,57,902/- (ട്രഷറി ബിൽ നം. 64/18-19 തീ.26.03.19) |

വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ, വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പ്രൊജക്ടിൽ, കെ.എസ്.ഇ.ബി.-യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 4,57,902/- രൂപ കെ.എസ്.ഇ.ബി. ഞാറക്കൽ സെക്ഷനിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഈ പദ്ധതിയിലും,

1. കെ.എസ്.ഇ.ബി. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് വൈദ്യുതലൈൻ നീട്ടൽ,പോസ്റ്റ് മാറ്റൽ എന്നിവ നടത്തുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

2. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

കൂടാതെ 2018-19 വാർഷിക ധനകാര്യപ്പത്രികയുടെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ 31.03.2019-ൽ കെ,എസ്.ഇ.ബി-ക്ക് മുൻകൂർ നല്കിയ തുകയിൽ ബാക്കി ചെലവാക്കാൻ നിൽക്കുന്ന തുക എന്ന് കാണിച്ചിരിക്കുന്നത് 21,18,229/- രൂപയാണ്. അതേസമയം 2017-18 വാർഷിക ധനകാര്യപ്പത്രികയുടെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ 31.03.2018-ൽ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുക 10,83,096/- രൂപയാണ്. അങ്ങനെയെങ്കിൽ 2018-19-ൽ കാണിച്ചിരിക്കുന്ന തുകയിൽ നാളിതുവരെ കെ,എസ്.ഇ.ബി-യിൽ നിക്ഷേപിച്ച എത്ര വൈദ്യുതീകരണ പദ്ധതികളുടെ പൂർത്തീകരണം ബാക്കിനില്ക്കുന്നു എന്ന് എൻക്വയറി 3 പ്രകാരം അന്വേഷിച്ചിരുന്നു. കൃത്യമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്.

ആയതിനാൽ നാളിതുവരെ കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി നിർദ്ദേശിക്കപ്പെട്ട പ്രദേശങ്ങളിൽ തന്നെ തുക വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാനുതകുന്ന മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

# 1-20 ആശ്രയ പദ്ധതി- ചലഞ്ച് ഫണ്ട് ഉണ്ടായിരിക്കെ വികസനഫണ്ട് പ്രൊജക്ട് ഉൾപ്പെടുത്തിയത് ക്രമവിരുദ്ധം

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.004/19 |
| പ്രൊജക്ടിന്റെ പേര് | ആശ്രയ പദ്ധതി |
| അടങ്കൽ | 2,10,000/- (വികസനഫണ്ട് പൊതുവിഭാഗം)<br>90,000/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>60,000/- ( ജില്ലാ പഞ്ചായത്ത് വിഹിതം )<br>2,40,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>6,40,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| | |

| | |
|---|---|
| ചെലവഴിച്ച തുക | 2,10,000/-(ട്രഷറി ബിൽ നം. 36/18-19 തീ.23.03.19) |

07/2018 മുതൽ 02/2019 വരെ 118 ഗുണഭോക്താക്കൾക്കായി ഭക്ഷണകിറ്റുകൾ നല്കിയതിന് ആശ്രയ ഫണ്ടിൽ നിന്ന് 2,30,900/- രൂപ ചെലവാക്കിയിരുന്നു. ഇതിൽ 2,10,000/- രൂപ "ആശ്രയ പദ്ധതി" എന്ന പ്രൊജക്ടിലെ വികസനഫണ്ട് പൊതുവിഭാഗം എന്ന ഘടകം ഉപയോഗിച്ച് പ്ലാൻ ഫണ്ടിൽ നിന്ന് ആശ്രയ അക്കൗണ്ടിലേക്ക് തിരികെ നല്കി. ഈ ചെലവ് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നം. 21നല്കിയിരുന്നു.

16.01.2010ലെ സ.ഉ.(എം.എസ്) നം. 12/2010/ത.സ്വ.ഭ.വ ഉത്തരവിൽ ആശ്രയ പ്രകാരം നല്കാവുന്ന സേവനങ്ങളുടെ പാക്കേജിൽ ആശ്രയ അഗതി ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് അതിജീവന ആവശ്യങ്ങളായ ഭക്ഷണം, മരുന്ന്, ആരോഗ്യ പരിരക്ഷ, വസ്ത്രം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുള്ള ഫണ്ട് ആശ്രയ ചലഞ്ച് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതാണ് എന്ന് മേൽഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാന ദാരിദ്രനിർമ്മാർജ്ജന മിഷൻ ഡയറക്ടറുടെ 01.06.2017ലെ ഉത്തരവ് പ്രകാരം ഞാറക്കൽ ഗ്രാമപഞ്ചായത്തിന് ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ 5,00,000/- രൂപ അനുവദിച്ചതിൽ 1,66,667/- രൂപ 22/09/2017-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഞാറക്കൽ സർവ്വീസ് സഹകരണബാങ്ക് അക്കൗണ്ടിൽ വന്നിട്ടുണ്ട്. ഇതുൾപ്പെടെ ആശ്രയ പദ്ധതിക്കായി കുടുംബശ്രീ മിഷനിൽ നിന്ന് ലഭിക്കുന്ന ഫണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ഈ അക്കൗണ്ടിൽ നിന്നാണ് ആശ്രയ പുനരധിവാസ പദ്ധതിയിലേക്ക് തുക നല്കുന്നത്. ഇപ്രകാരം 2018-19 വർഷം 4,20,000/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്ന് ആശ്രയ അക്കൗണ്ടിലേക്ക് ട്രാൻസ് ഫർ ചെയ്തിട്ടുണ്ട്. തൻവർഷം ഭക്ഷണകിറ്റുകൾ വിതരണം ചെയ്തതിന് 2,30,900/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ.

ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ വികസനഫണ്ട് ജനറൽ വിഹിതത്തിൽ നിന്ന് 2018-19 സാമ്പത്തികവർഷം 2,10,000/- രൂപ ആശ്രയ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ആശ്രയ ചലഞ്ച് ഫണ്ട് തികയാത്ത അവസരത്തിൽ മാത്രമാണ് ആവശ്യമെങ്കിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) ഫണ്ട് ആശ്രയ പുനരധിവാസപ്രൊജക്ടിൽ ഉപയോഗിക്കേണ്ടത് എന്ന് ഇത് സംബന്ധിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ആവശ്യത്തിന് ആശ്രയ ചലഞ്ച് ഫണ്ട് അക്കൗണ്ടിൽ ഉണ്ടായിരിക്കെ, വികസനഫണ്ടിൽ നിന്ന് തുക ആശ്രയ പുനരധിവാസ പദ്ധതിയിലേക്ക് വകമാറ്റിയത് ശരിയായ നടപടിയല്ല. പദ്ധതി അംഗീകാരത്തിന് വേണ്ടി മേഖലവിഭജന-ശതമാനം പാലിക്കാനായി അഗതിക്ഷേമം എന്ന ഇനത്തിൽ ഒരു പദ്ധതി തയ്യാറാക്കുക എന്നതാണ് ഈ പ്രൊജക്ട് കൊണ്ട് ലക്ഷ്യമിട്ടത് എന്ന നിരീക്ഷിക്കുന്നു.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അന്ത:സത്തയ്ക്ക് വിരുദ്ധമായ ഇത്തരം നടപടികൾ ഒഴിവാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 ലൈഫ് ഭവന പദ്ധതി- ആദ്യഗഡു വാങ്ങിയ ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.61/19 |
| പ്രൊക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി |
| അടങ്കൽ | 31,00,000/- (വികസന ഫണ്ട്- ജനറൽ)<br>83,00,000/- (വായ്പ)<br>15,00,000/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>15,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>1,44,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ചെലവഴിച്ച തുക | 31,00,000/- (വികസന ഫണ്ട്- ജനറൽ)<br>20,80,000/- ((വായ്പ)<br>5,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

"ലൈഫ് ഭവന പദ്ധതി" എന്ന പ്രൊജക്റ്റിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി. തങ്കമണി, പണ്ടികശാലയ്ക്കൽ, വാർഡ് -4 എന്ന ഗുണഭോക്താവിന് 40,000/- രൂപ ആദ്യഗഡു തുക 29.06.2018-ൽ നല്കിയിരുന്നു. (ട്രഷറി ബിൽ നം. 04/18-19 തീയതി. 29.06.2018). ശ്രീമതി. തങ്കമണി പിന്നീട് തുക കൈപ്പറ്റുകയോ, വീട് പണി തുടരുകയോ ചെയ്യാത്ത സാഹചര്യത്തിൽ നിർവ്വഹണോദ്യഗസ്ഥ അന്വേഷണം നടത്തിയപ്പോൾ ശ്രീമതി. തങ്കമണി ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിന്ന് താമസം മാറ്റി എളങ്കുന്നപ്പുഴ പഞ്ചായത്തിലാണ് താമസിക്കുന്നതെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ, ടിയാരിയെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കി.

16.03.2018ലെ ജി.ഒ (എം.എസ്) 34/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള ലൈഫ് മിഷൻ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനർഹമായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട് ഭവനനിർമ്മാണആനുകൂല്യത്തിന്റെ ആദ്യഗഡു തുക 40,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്ന് ടി തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

# 1-22 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പ്രൊജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത് ഒഴിവാക്കണം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ്.051/19 |
| പ്രൊജക്റ്റിന്റെ പേര് | വിദ്യാഭ്യാസ പ്രോത്സാഹനം |
| അടങ്കൽ | 40,000/- ( വികസനഫണ്ട് -ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ് , ഗവ. ഫിഷറീസ് യു.പി സ്കൂൾ |
| ചെലവഴിച്ച തുക | 40,000/-(ട്രഷറി ബിൽ നം. 01/18-19 തീ.19.08.19) |

"വിദ്യാഭ്യാസ പ്രോത്സാഹനം " എന്ന പ്രൊജക്റ്റിൽ ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ 1 മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്. ഇതനുസരിച്ച് പഞ്ചായത്തിലെ വിവിധ സർക്കാർ- എയിഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്കും, 10-ാം ക്ലാസ്സിലും , 12-ാം ക്ലാസ്സിലും എല്ലാ വിഷയങ്ങൾക്കും A+ വാങ്ങിയ കുട്ടികൾക്കും, സയൻസ് ക്വിസ്സ് , മറ്റ് മത്സരങ്ങൾ എന്നിവയിലെ പങ്കാളിത്തത്തിനും കുട്ടികൾക്ക് ക്യാഷ് അവാർഡ് നല്കിയ വകയിലാണ് 40,000/- രൂപ ചെലവഴിച്ചിരിക്കുന്നത്.

14.-2.2018-ലെ GO(MS) 22/2018/LSGD മാർഗ്ഗരേഖപ്രകാരം വികസനഫണ്ടിൽ നിന്ന് ആനുകൂല്യം ക്യാഷ് ആയി നല്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി വിവിധ സ്കൂളുകളിലെ 1 മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കിയതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. ഇതിന് എക്സിറ്റ് മീറ്റിംഗ് വേളയിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് നല്കിയ മറുപടിയിൽ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി എല്ലാ വർഷവും ക്യാഷ് അവാർഡ് നല്കാറുണ്ടെന്നും, എന്നാൽ വികസനഫണ്ടിൽ നിന്ന് തുക നല്കിയത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ വരും വർഷങ്ങളിൽ നിയമാനുസൃതരീതിയിൽ മാത്രമേ വിദ്യാഭ്യാസ പ്രോത്സാഹനം എന്ന രീതിയിൽ പ്രൊജക്റ്റുകൾ നടപ്പിലാക്കൂ എന്നും വിശദീകരിച്ചു.

പദ്ധതി മാർഗ്ഗരേഖയിലും, സബ്സിഡി മാർഗ്ഗരേഖയിലും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ പ്രൊജക്റ്റുകൾ ആവിഷ്കരിക്കാനും, നടപ്പിലാക്കാനും പാടുള്ളൂ എന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-23 മരുന്ന് പൂർണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥരായുള്ള പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് മുൻകൂറായി തുക നൽകിയെങ്കിലും ഓഡിറ്റ് തീയതി വരെ മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് /നിർവ്വഹണോദ്യോഗസ്ഥൻ | നൽകിയ തുക | നാളിതുവരെ ലഭിച്ച മരുന്നിന്റെ വില | ബാക്കി | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 250000/-<br>ഹോംകോ ,ആലപ്പുഴ | | 92960 | 157040 | 1/15.1.19 |
| പാലിയേറ്റീവ് കെയർ മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി ) | 150000/-<br>കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | | ഇല്ല | 150000 | 27/16.1.19 |
| | | | | 307040 | |

മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-24 വാടകയ്ക്ക് ജി.എസ്.ടി ഈടാക്കിയില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.11.2017 ലെ സർക്കാർ ഉത്തരവ് (അച്ചടി ) നം 87/2017 പ്രകാരം വാടകയ്ക്ക് നല്കുന്ന ഷോപ്പിംങ് കോംപ്ലക്സുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവയക്ക് ചരക്ക് സേവന നികുതി ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങൾ താഴെപ്പറയുന്ന വ്യക്തികൾക്ക് 2018-19 കാലയളവിൽ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ ഈ വാടകക്കാരിൽ നിന്ന് ചരക്ക് സേവന നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു

| ക്രമ നം | വാടകക്കാരന്റെ പേര്, വിലാസം | വാർഡ്/ കെട്ടിട നമ്പർ | ഈടാക്കേണ്ട പ്രതിമാസ വാടക | ജി.എസ്.ടി ഈടാക്കാതിരുന്ന മാസങ്ങൾ | തുക/ ആകെത്തുക | ഈടാക്കേണ്ട ജി.എസ്.ടി തുക (18%) |
|---|---|---|---|---|---|---|
| 1 | ശ്രീ.കെ.എം.ജയപ്രകാശ്. കല്ലുമഠത്തിൽ, ഞാറക്കൽ | III/7 | 5342 | 10 | 53420 | 9616 |
| 2 | ശ്രീ.കെ.പി. അഗസ്റ്റിൻ, കോലഞ്ചേരി,ഞാറക്കൽ | II/7 | 1094<br>994 | 7<br>3 | 10640 | 1915 |
| 3 | ശ്രീ.കെ.പി. അഗസ്റ്റിൻ, കോലഞ്ചേരി,ഞാറക്കൽ | II/13 | 1159<br>1053 | 7<br>3 | 11272 | 2029 |
| 4 | ശ്രീമതി.എം.ബി.ചിത്ര, മരക്കാപ്പറമ്പിൽ ഞാറക്കൽ | IX/356 F | 4505 | 10 | 45050 | 8109 |
| 5 | ശ്രീ.എം.ജെ.ബേബിച്ചൻ മാമ്പിള്ളി, ഞാറക്കൽ | II/6 | 1483 | 10 | 14830 | 2669 |
| 6 | ശ്രീ.എം.ജെ.ബേബിച്ചൻ മാമ്പിള്ളി, ഞാറക്കൽ | II/11 | 882<br>971 | 1<br>10 | 10592 | 1907 |
| 7 | ശ്രീ.എം.ജെ.ബേബിച്ചൻ മാമ്പിള്ളി, ഞാറക്കൽ | II/12 | 971<br>1064 | 1<br>9 | 10547 | 1898 |
| 8 | ശ്രീ.എം.ജെ.ബേബിച്ചൻ മാമ്പിള്ളി, ഞാറക്കൽ | II/18 | 1141<br>1256 | 1<br>9 | 12445 | 2240 |
| 9 | ശ്രീ.എം.ജെ.വർഗ്ഗീസ് മാമ്പിള്ളി,ഞാറക്കൽ | കെട്ടിട നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1464<br>1611 | 1<br>9 | 15963 | 2873 |
| 10 | ശ്രീ.റെന്നി, താമരപ്പറമ്പിൽ ഞാറക്കൽ | II/9 | 806<br>887 | 1<br>9 | 8789 | 1582 |
| 11 | ശ്രീ.കെ.പി.സെവ്യർ | III/6 | 3449 | 9 | 31041 | 5587 |

| | | | | | | |
|---|---|---|---|---|---|---|
| | കാട്ടിപ്പറമ്പിൽ,ഞാറക്കൽ | | | | | |
| 12 | ശ്രീ.വി.പി.ജോസ്.<br>വട്ടത്തറ, ഞാറക്കൽ | III/8 | 5210 | 10 | 52100 | 9378 |
| 13 | ശ്രീ.ശ്രീജിത്ത്,<br>ദേവസ്വം മഠം. ഞാറക്കൽ | IX/356B | 4204 | 9 | 37836 | 6810 |
| 14 | ശ്രീ.രാജു,ചിറ്റേഴത്ത്<br>ഞാറക്കൽ | കെട്ടിട നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2860 | 9 | 25740 | 4633 |
| 15 | ശ്രീ.ബേബിച്ചൻ,<br>ഞാറക്കൽ | II/32 | 1950 | 7 | 13650 | 2457 |
| 16 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ.എസ്.ഇ.ബി ഞാറക്കൽ | കെട്ടിട നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 7372 | 10 | 73720 | 13270 |
| 17 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ.എസ്.ഇ.ബി ഞാറക്കൽ | 2018 വർഷത്തെ നവംബർ മുതൽ മാർച്ച് വരെയുള്ള വാടക കുടിശ്ശിക അടവാക്കിയത് | 7372 | 5 | 36860 | 6635 |
| ആകെ | | | | | | 83608 |

മേൽ പ്രകാരം വാടകക്കാരിൽ നിന്ന് ജി.എസ്.ടി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക ഈടാക്കി അറിയിക്കാമെന്നാണ് മറുപടി നല്കിയിട്ടുള്ളത്.ജി.എസ്.ടി സമയബന്ധിതമാടി ഈടാക്കാതിരുന്നത് നിമിത്തം കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.ആയതിനാൽ പ്രസ്തുത തുക ബന്ധപ്പെട്ട വാടകക്കാരിൽ നിന്നോ ,ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എസ്.സി വനിത വ്യവസായ കേന്ദ്രം-കരാറിന് വിരുദ്ധമായി വൈദ്യുതിച്ചാർജ്ജ് നല്കി

പഞ്ചായത്തിലെ എസ്.സി വനിത വ്യവസായ കേന്ദ്രത്തിലെ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വാടകക്കാരുടെ പേരു് വിവരങ്ങൾ താഴെ ചേർക്കുന്നു.`

| ക്രമനം | പേര് | വിലാസം | കെട്ടിടനം/ വാർഡ് |
|---|---|---|---|
| 1 | തുളസി | കാക്കിരിശ്ശേരി , ഞാറക്കൽ, എറണാകുളം | 9/187 F |
| 2 | സിന്ധു.എൻ.സി | നികത്തിത്തറ, ഞാറക്കൽ, എറണാകുളം | 9/356 D |
| 3 | സുനീഷ്.എം.കെ | മരോട്ടിപ്പറമ്പിൽ, ഞാറക്കൽ, എറണാകുളം | 9/356 E |

മേൽ കെട്ടിടങ്ങളുടെ വൈദ്യുതിച്ചാർജിനത്തിൽ പഞ്ചായത്തിൽ നിന്നും താഴെച്ചേർക്കും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്രമനം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 137591 | 27.04.2018 | 1634 |
| 2 | 145607 | 19.05.2018 | 11252 |
| 3 | 145819 | 28.06.2018 | 1795 |
| 4 | 146198 | 30.08.2018 | 10817 |
| 5 | 146538 | 24.10.2018 | 2146 |
| 6 | 146817 | 18.12.2018 | 1892 |
| 7 | 147621 | 06.03.2019 | 1750 |
| ആകെ | | | 31286 |

എന്നാൽ ഈ വാടകക്കാരുമായി പഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ടിട്ടുള്ള കരാറിലെ ക്ലോസ് (h) ൽ പറയുന്നത് " to pay in time the current charge that may be due from time to time in respect of the building failing which the lessor will be liable to evict from the building without any notice " എന്നാണ്. ആയതനുസരിച്ച് ഈ കെട്ടിടത്തിന്റെ വൈദ്യുതിച്ചാർജ് അടവാക്കുവാനുള്ള ഉത്തരവാദിത്വം വാടകക്കാരനാണ്. എന്നിട്ടും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക അടവാക്കി. ആയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ ഇനത്തിൽ ചെലവഴിച്ച 31286 /- രൂപ അടിയന്തരമായി ബന്ധപ്പെട്ട വാടകക്കാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അറ്റകുറ്റപ്പണി - അധികം നൽകിയത് 2102/-

| | |
|---|---|
| പ്രവൃത്തി | ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അറ്റകുറ്റപ്പണിയും വിപുലീകരണവും |
| പ്രോജക്ട് നം | S138/19 |
| അടങ്കൽ | 17ലക്ഷം |
| കരാറുകാരൻ | കെ.എസ്. ജോബി |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1623059 |
| അളവുപുസ്തകം | 248/17-18 , 251/17-18 |
| ചെലവു വിവരം | അനുമതി ഉത്തരവ് 246/24-3-18 രൂപ 720617/-<br>ചെക്ക് നം 2070666/17-12-18 രൂപ 547005<br>ബിൽ നം 16/14-12-18 രൂപ 355437/- |

നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഒരു ഭാഗം എക്സ്റ്റെന്റ് ചെയ്യുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്..ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E1 providing and

fixing factory made UPVC white color sliding glazed window എന്ന ഇനം ചെയ്തതിന് രേഖപ്പെടുത്തിയ അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ജനൽ | 10 എണ്ണം 1.50x1.25 മീ = 18.75 m2 |
| | 1 എണ്ണം 0.90x1.15 = 1.035 |
| വെന്റിലേറ്റർ | 2 എണ്ണം0.66 x 0.40 = 0.528 |
| ആകെ | 20.313 m2 @ 8408.50/m2 = 170802/- |

ഭൗതിക പരിശോധനയിൽ ആകെയുള്ള 11ജനലുകളിൽ 9എണ്ണം 1.50x1.25 മീ സ്പെസിഫിക്കേഷനിലും ഒരെണ്ണം 1.25x1.30 മീറ്ററിലും മറ്റൊരെണ്ണം 0.90x1.15 മീറ്റർ സ്പെസിഫിക്കേഷനിലുമാണ്. ഇതനുസരിച്ച് വരുന്ന അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ജനൽ | 9 എണ്ണം 1.50x1.25 മീ = 16.875 m2 |
| | 1 എണ്ണം 1.25x 1.30 = 1.625 |
| | 1 എണ്ണം 0.90x1.15 = 1.035 |
| വെന്റിലേറ്റർ | 2 എണ്ണം0.66 x 0.40 = 0.528 |
| ആകെ | 20.063 m2 |

അധികം നൽകിയ തുകയുടെ വിവരം -- 20.313 – 20.063 = 0.25 m2 @ 8408.50/m2 = 2102/-

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽപ്പറഞ്ഞതരത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1419430 | ഹൌസിംഗ് | 1340000 | 79430 |
| | 2018-19 | 50000 | മിൽക്ക് സബ്സിഡി | 24367 | 25633 |
| | 2018-19 | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 299982 | 18 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ഹൌസിംഗ് ജനറൽ | 1000000 | |
| | 2018-19 | 300000 | സ്കോളർഷിപ്പ് | 300000 | |
| | 2018-19 | 2000000 | കിഴക്കെ അപ്പങ്ങട് റോഡ് നിർമ്മാണം | 0 | 2000000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| KSEB | ലൈൻ എക്സ്റ്റെൻഷൻ | 64/26-03-19 | 457902 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 457902 |
| | | 63/20-03-19 | 136264 | ടി | 136264 |

# 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി .ഒ (എം.എസ് 68/11/lsgd18-05-2018 | 2599879 | ഇല്ല | ഇല്ല | ഇല്ല | 2599879 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76946725 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59619825 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33388 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 31286 | റീജ സി.ജെ, സെക്രട്ടറി |
| 3-2 | | 2102 | ശ്രീദേവി എ.ആർ., അസി.എഞ്ചിനിയർ |
| **ആകെ** | | 33388 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക -

**ഇല്ല**

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 2-1 : രൂപ 83,608/- : ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – റീജ സി.ജെ, സെക്രട്ടറി

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടില് പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റീജ സി.ജെ, സെക്രട്ടറി | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ചീരങ്ങാട്ട് (H)<br>നായരമ്പലം, എറണാകുളം -682509 |
| ശ്രീദേവി എ.ആർ., അസി.എഞ്ചിനിയർ | ലഭ്യമാക്കിയില്ല | അരയംപറമ്പിൽ (H)<br>കോതാപറമ്പ് പി.ഒ<br>കൊടുങ്ങല്ലൂർ.തൃശ്ശൂർ.-680668 |

# 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01 (ചെലവ്) | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 (ചെലവ്) | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| | |

| | |
|---|---|
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി-3)1759/2017 തീയതി 26-10-17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി-3)20/2019തീയതി 15-07-19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടിഡയറക്ടർ,**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

എറണാകുളം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ല

**<u>ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>**

1) വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷികധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2). 2018-19 -ഷെഡ്യൂൾ B-9 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന, ലൈബ്രറി സെസിനത്തിൽ അടവാക്കേണ്ട ബാദ്ധ്യത തുക (രൂ. 406116.40), യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതിയിനത്തിൽ ലഭ്യമായ മുൻ വർഷത്തെയുൾപ്പെടെയുള്ള വരവ് തുകയുടെ അടിസ്ഥാനത്തിൽ, ബാദ്ധ്യതയാവുന്ന തുക 327999/- രൂപ മാത്രമാണ്. കുടിശ്ശിക തുകയിലുണ്ടായ ടി വ്യത്യാസം പരിഹരിക്കപ്പെട്ടിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

<u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **Njarackal Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Njarackal Grama Panchayat** for the year 2018-19 subject to the observations in Annexure II, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**
KERALA STATE AUDIT DEPARTMENT
ERNAKULAM

<u>Defects Identified on Verification of Annual Financial Statement for the year 2018-19</u>

1. The accounts of Property Tax in AFS differs with the Sanchaya accounts.

2. Actual amount to be remitted as library cess on the basis of property tax including arears is only Rs.327999/-. But as per B-9 schedule the liability amount in respect of library cess is Rs. 406116.40. This defect is not rectified.

**DEPUTY DIRECTOR**
KERALA STATE AUDIT DEPARTMENT
ERNAKULAM

SJ